## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3512** **26-06-2024 - ൽ മറുപടിയ്ക്ക്**

### കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിൽ നടന്നുവരുന്ന സംരക്ഷണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മ്യൂസിയം - മൃഗശാലാ വകുപ്പിന്റെ അധീനതയിലുള്ള കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികൾ കേരള പുരാവസ്തു വകുപ്പ് മുഖേന നടന്നു വരുന്നു. നിലവിൽ സംരക്ഷണ പ്രവൃത്തിയുടെ 90% പൂർത്തിയായിട്ടുണ്ട്. |
| (ബി) | മ്യൂസിയം പ്രവർത്തനം പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ ഒന്നാം ഘട്ടമായുള്ള സംരക്ഷണ പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് തന്നെ രണ്ടാം ഘട്ടമായി ടി മ്യൂസിയത്തിലെ നിലവിലുള്ള പ്രദർശന സംവിധാനം കാലോചിതമായി പരിഷ്കരിച്ച് ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനം സജ്ജമാക്കേണ്ടതുണ്ട്. ആയതിന് സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയം തിരുവനന്തപുരത്തിനോട് ഇതിനാവശ്യമായ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ